# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 433

02.12.2014 ൽ മറുപടിയ്ക്ക്

## സഹകരണ മേഖലയും നബാർഡും

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ഇ.കെ. വിജയൻ | | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) സഹകരണ മേഖലയും നബാർഡും സംയുക്തമായി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | സഹകരണ മേഖലയും നബാർഡും സംയുക്തമായി യാതൊരു പദ്ധതിയും നടപ്പിലാക്കിയിട്ടില്ല. എന്നാൽ പശ്ചാത്തല വികസനവുമായി ബന്ധപ്പെട്ട് വിപണനം, കാർഷിക സംസ്കരണം, ആരോഗ്യം തുടങ്ങിയ മേഖലകൾക്കായുള്ള ആർ.ഐ.ഡി.എഫ്. പദ്ധതി പ്രകാരം സംഘങ്ങൾക്ക് ധനസഹായം നൽകിയിട്ടുണ്ട്. ഇതിന്പുറമെ ഓഹരിയിനത്തിൽ വായ്പാ സംഘങ്ങൾ/ ബാങ്കുകൾക്ക് നബാർഡ് ധനസഹായം നൽകിവരുന്നുണ്ട്. |
| (ബി) നബാർഡ് നൽകുന്ന ഫണ്ടിന്റെ പൂർണ്ണമായ വിനിയോഗം സഹകരണ മേഖലയിൽ സാധ്യമാകുന്നുണ്ടോ; വിശദാംശം നൽകാമോ; | (ബി) | സാധ്യമാകുന്നുണ്ട്. അനുവദിച്ച ധനസഹായം ഉപയോഗിച്ച് സംഘങ്ങളുടെ ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. |
| (സി) പ്രസ്തുത ഫണ്ട് വിനിയോഗത്തിലെ പോരായ്മകൾമൂലം സഹകരണ മേഖല നേരിടുന്ന പ്രതിസന്ധി വിശദമാക്കാമോ; | (സി) | ഫണ്ട് വിനിയോഗത്തിൽ പോരായ്മയില്ല. |
| (ഡി) നബാർഡ് ഫണ്ട് പൂർണ്ണമായും വിനിയോഗിക്കുന്നതിന് സഹകരണ മേഖല പുതിയ കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകാമോ? | (ഡി) | നബാർഡ് ഫണ്ട് പൂർണ്ണമായി വിനിയോഗിക്കുന്നതിന് പുതിയ കർമ്മ പദ്ധതികൾ ആവിഷ്കരിക്കേണ്ട സാഹചര്യം നിലവിലില്ല. ഫണ്ട് ലഭിക്കുകയാണെങ്കിൽ അത് പൂർണ്ണമായി വിനിയോഗിക്കുവാൻ കഴിയും |

സെക്ഷൻ ഓഫീസർ